# പതിമൂന്നാം കേരളനിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം: 4999**

**01.07.2013 -ലെ മറുപടിക്ക്**

### സൗരോർജ്ജ പാനൽ തട്ടിപ്പുമായി ബന്ധപ്പെട്ട കേസ്

| ചോദ്യം<br>ശ്രീ. ജെയിംസ് മാത്യു | മറുപടി<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു: ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
|---|---|
| (എ) സൗരോർജ്ജ പാനൽ തട്ടിപ്പുമായി ബന്ധപ്പെട്ട് ടീം സോളാർ കമ്പനിക്കെതിരെ തലശ്ശേരി, പെരുമ്പാവൂർ പോലീസ് സ്റ്റേഷനുകളിൽ കേസ് രജിസ്റ്റർ ചെയ്യപ്പെട്ടിരുന്നോ; | (എ) സൗരോർജ്ജ പാനൽ തട്ടിപ്പുമായി ബന്ധപ്പെട്ട് തലശ്ശേരി, പെരുമ്പാവൂർ പോലീസ് സ്റ്റേഷനുകളിൽ ഓരോ കേസ് വീതം രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) ഈ കേസുകളിലെ അന്വേഷണ നടപടി ഏതുവരെയായെന്ന് വ്യക്തമാക്കാമോ; | (ബി) പെരുമ്പാവൂർ പോലീസ് സ്റ്റേഷനിൽ ക്രൈം.-നം.368/13 ആയി രജിസ്റ്റർ ചെയ്ത കേസ്സിലെ രണ്ടാം പ്രതി സരിത എസ്.നായരെ അറസ്റ്റ് ചെയ്തിട്ടുള്ളതും, ഒന്നാം പ്രതി ബിജു രാധാകൃഷ്ണനെ അറസ്റ്റ് ചെയ്തിട്ടില്ലാത്തതുമാണ്. കേസിന്റെ അന്വേഷണം നടന്നുവരുന്നു.<br>തലശ്ശേരി പോലീസ് സ്റ്റേഷൻ ക്രൈം. നം.1647/12 ആയി രജിസ്റ്റർ ചെയ്ത കേസിൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ല. പ്രസ്തുത കേസിൽ സാക്ഷികളെ ചോദ്യം ചെയ്തും ബന്ധപ്പെട്ട രേഖകൾ ബന്തവസ്സിലെടുത്തും അന്വേഷണം നടന്നുവരുന്നു. |

(സി) ഈ കേസുകളുടെ അന്വേഷണത്തിനിടെ സരിത എസ്. നായരുമായി നിരന്തരം ഫോൺ വിളികൾ നടത്തിയവർ ആരെല്ലാമെന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്ത-മാക്കാമോ;

(ഡി) സരിതയുമായി അടുപ്പം പുലർത്തി-യതായി കണ്ടെത്തിയ ആരെയെങ്കിലും ഈ കേസ്സുമായി ബന്ധപ്പെട്ട് ചോദ്യം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

(സി) & (ഡി) കേസ് അന്വേഷണാവസ്ഥയിലായതിനാൽ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

സെക്ഷൻ ഓഫീസർ